(ബി) ഉണ്ടെങ്കിൽ ഇപ്രകാരം സംസ്ഥാന ഗവൺമെൻറിന്റെ വിവിധ വകുപ്പുകളിലായി എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; സ്ഥിരപ്പെടുത്താത്തവർ എത്ര ?

ഉത്തരം

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികമായി നിയമിക്കപ്പെട്ട 2-8-1984-ൽ സർവ്വീസിലുണ്ടായിരുന്ന ഹരിജന-ഗിരിജന വിഭാഗത്തിൽപ്പെട്ട എല്ലാ ജീവനക്കാരെയും (സ്പെഷ്യൽ റിക്രൂട്ടുമെൻറിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിൽ നിയമിക്കപ്പെട്ടവരൊഴികെ) സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഹരിജൻ-ഗിരിജൻ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നടപടി

81. [99] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 ഹരിജന-ഗിരിജന വർഷമായി ആചരിച്ചതിനോടനുബന്ധിച്ച് 2-8-1984-ൽ ജോലി ചെയ്തിരുന്ന എല്ലാ ഹരിജൻ-ഗിരിജൻ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നതുസംബന്ധിച്ചുള്ള ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെൻറ് നടപ്പിൽ വരുത്തുന്നില്ല എന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) അനേഷിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്.

കാഞ്ഞിരക്കൊല്ലി പേരട ആദിവാസി കോളനികളിൽ വീടുകളുടെ പണി

82. [100] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കാഞ്ഞിരക്കൊല്ലി പേരട ആദിവാസി കോളനികളിൽ 1982-നു മുൻപ് തറമാത്രം കെട്ടിയ വീടുകളുടെ പണി പൂർത്തിയാക്കാൻ പൊതുമരാമത്തുവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയുടെ പണി ഇനിയും പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്തിട്ടില്ല. ഉടൻതന്നെ ഇവ ഏറ്റെടുത്ത് പണി പൂർത്തിയാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വകകൊള്ളിച്ചിരുന്ന സംഖ്യ

83. [101] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ ബഡ്ജറിൽ വകകൊള്ളിച്ചിരുന്ന സംഖ്യ എത്ര വീതമായിരുന്നു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

ബഡ്ജറിൽ വക കൊള്ളിച്ചിരുന്ന തുക താഴെപ്പറയും പ്രകാരമാണ്.

വർഷം	തുക ലക്ഷത്തിൽ
1982-83	1678.435
1983-84	1903.827
1984-85	1973.478
1985-86	2104.574

പട്ടികജാതി വികസനവകുപ്പ് ചെലവഴിച്ച സംഖ്യ

84. [102] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വികസനവകുപ്പ് 1982-83, 1983-84, 1984-85, 1985-86 എന്നീ ഓരോ വർഷവും ചെലവഴിച്ച സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1982-83	1879.539
1983-84	1718.527
1984-85	1754.658
1985-86	2509.566

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെലവഴിച്ച തുക

85. [103] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ ചെലവഴിച്ച സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വ്യക്തമാക്കാം.,

1982-83	156.58 ലക്ഷം
1983-84	143.00 ,,
1984-85	506.70 ,,
1985-86	369.59 ,,

മേൽപ്പറഞ്ഞ തുകകൾ പദ്ധതികൾക്ക് മാത്രമായി ചെലവാക്കിയതാണ്. ഇതിൽ ഭരണച്ചെലവുകൾ ഉൾപ്പെടുന്നില്ല.

ഹരിജനക്ഷേമത്തിന് ബഡ്ജറിൽ വകയിരുത്തിയിരുന്ന തുക

86. [104] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83 മുതൽ 1985-86 വരെ ഓരോ സാമ്പത്തിക വർഷങ്ങളിലും ഹരിജനക്ഷേമത്തിന് ബഡ്ജറിൽ വകയിരുത്തിയിരുന്ന തുക

LIBRARY ARCHIVES Kerala Legislative Assembly